# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2773 | 07.12.2018-ന് മറുപടിയ്ക്ക്

## പിന്നോക്ക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭവനരഹിതരുടെ കണക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ജെ. മാക്സി : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗത്തിലും പട്ടികജാതി / പട്ടികവർഗ്ഗ / ആദിവാസി വിഭാഗത്തിലും പെട്ട ഭവനരഹിതർ എത്ര ; വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ എണ്ണം ശേഖരിച്ചിട്ടില്ല.<br>സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ 22614 ഭവനരഹിതരും പട്ടികവർഗ്ഗക്കാരിൽ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഭവനരഹിതരായ 9143 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവർക്കു വീടുവച്ചു നല്കുവാനായി മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ; എത്ര പേർക്ക് വീട് അനുവദിച്ചു ; എത്രപേർക്ക് വീടുവച്ചു നല്കി ; അതിനായി ചെലവഴിച്ച തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതിനായി പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായം നൽകിയിരുന്നു. 2011-12 മുതൽ 2015-16 വരെയുള്ള കാലത്ത് 24594 വീടുകൾ അനുവദിച്ചിരുന്നു. അതിൽ 8234 വീടുകൾ പ്രസ്തുത കാലത്ത് പൂർത്തിയായി.<br>ഈ സർക്കാർ വരുമ്പോൾ സ്പിൽ ഓവറായ 16360 വീടുകൾ ഉണ്ടായിരുന്നു. അതിൽ 8610 വീടുകൾ ഈ സർക്കാർ പൂർത്തിയാക്കി. ബാക്കി വീടുകൾ ലൈഫ് മുഖേന നിർമ്മാണം നടന്നു വരുന്നു. |

(….2)

2011-12 മുതൽ 2015-16 വരെ ഭവന നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 89,99,80,000/- |
| 2012-13 | 99,99,85,000/- |
| 2013-14 | 84,91,95,578/- |
| 2014-15 | 123,81,44,836/- |
| 2015-16 | 145,56,65,308/- |
| ആകെ | 544,29,70,722/- |

മുൻസർക്കാരിന്റെ കാലത്ത് ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 2011-12 മുതൽ 2015-16 വരെ 17605 വീടുകൾ അനുവദിച്ചതിൽ 2695 വീടുകൾ പൂർത്തീകരിച്ചു. ഇതിനായി ചെലവഴിച്ച തുക താഴെപറയും പ്രകാരമാണ്.

| ക്രമ നം. | വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2011-12 | 15,00,00,000 |
| 2 | 2012-13 | 25,00,00,000 |
| 3 | 2013-14 | 27,50,00,000 |
| 4 | 2014-15 | 33,00,00,000 |
| 5 | 2015-16 | 187,72,62,000 |

(സി) ഇവർക്ക് വീടുവച്ചു നല്കുവാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; പ്രസ്തുത വിഭാഗങ്ങളിൽ പെട്ട എത്ര പേർക്ക് വീടുവച്ചു നല്കി ; എത്ര തുക ഇതിനായി ചിലവഴിച്ചു ; ഇപ്പോൾ തുടർന്നുവരുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ?

(സി) ഭവനരഹിതരായ 23801 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം അനുമതി നൽകി. 2016-17 വർഷം 14906 വീടുകൾ അനുവദിച്ച് നൽകി. 2017-18 വർഷം 8895 കുടുംബങ്ങൾക്ക് വീട് അനുവദിച്ചു. ഭവന നിർമ്മാണ ധനസഹായ തുക നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനായി 2016-17 വർഷം 232,35,94,800/- രൂപയും 2017-18 വർഷം 384,36,23,036/- രൂപയും ചേർത്ത് 616,72,20,836/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പാക്കി വന്നിരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 22614 പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 6130 പേർ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഭവനരഹിതരായി കണ്ടെത്തിയവരിൽ നിന്നും 6709 പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി വീട് അനുവദിക്കുകയും മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016 – നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12256 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചുകൊണ്ട് പൂർത്തീകരിച്ചു വരുന്നു. ആയതു പ്രകാരം 9524 വീടുകൾ പൂർത്തീകരിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ ഭവന നിർമ്മാണത്തിനായി അനുവദിച്ച നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016-17 | 238,70,91,220 | 238,70,91,220 |
| 2 | 2017-18 | 115,08,00,000 | 115,08,00,000 |

കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേ പ്രകാരം കണ്ടെത്തിയതിൽ അർഹത തെളിയിച്ച 6033 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും അവയിൽ 1655 ഗുണഭോക്താക്കൾ വീടുകളുടെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ലൈഫ്മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റു പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള എണ്ണം

| | |
|---|---|
| തിരുവനന്തപുരം | 3394 |
| കൊല്ലം | 3063 |
| പത്തനംതിട്ട | 823 |
| ആലപ്പുഴ | 1533 |
| കോട്ടയം | 826 |
| ഇടുക്കി | 3145 |
| എറണാകുളം | 1395 |
| തൃശ്ശൂർ | 2154 |
| പാലക്കാട് | 2464 |
| മലപ്പുറം | 1494 |
| കോഴിക്കോട് | 1189 |
| വയനാട് | 574 |
| കണ്ണൂർ | 191 |
| കാസർഗോഡ് | 377 |
| ആകെ | 22614 |

സെക്ഷൻ ഓഫീസർ.